**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **06-07-2022 - ൽ മറുപടിയ്ക്ക്**

**പി.പി.ഇ. കിറ്റ് വാങ്ങിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നടത്തിയ കോവിഡ് കാല പർച്ചേസുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം സർക്കാരിന്റെ അംഗീകാരം ആവശ്യമായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | രാജ്യവ്യാപകമായി Notified Disaster ആയി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തര സാഹചര്യത്തിൽ, കോവിഡ് അതിവ്യാപന സാധ്യത മുന്നിൽ കണ്ട് ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള State Crisis Management Group – ന്റെ 28.03.2020- ലെ യോഗതീരുമാനം, സ.ഉ(സാധാ)നം. 09/2020/എസ്.പി.ഡി തീയതി 04/04/2020, സ.ഉ(സാധാ)നം. 12/2020/ എസ്.പി.ഡി തീയതി 12/06/2020 എന്നീ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം കെ.എം.എസ്.സി.എൽ നടത്തിയ കോവിഡുകാല പർച്ചേസുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളിലുള്ള ഇളവുകൾ പ്രകാരമായിരുന്നു. |
| (ബി) | കോവിഡ് കാലത്ത് ഉയർന്ന നിരക്കിൽ സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും പി.പി.ഇ. കിറ്റ് വാങ്ങിയതിന് മുഖ്യമന്ത്രിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന് വിലയിരുത്തി കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ടി വിഷയം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് പരിശോധിക്കുകയും ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേ സമയം വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പിപി.ഇ കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ കിറ്റുകൾ |

| | | | |
|---|---|---|---|
| | | | യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് കെ.എം.എസ്.സി.എൽ- നെ ചുമതലപ്പെടുത്തുകയും ചെയ്തു. കോവിഡ് രൂക്ഷമായ ഘട്ടത്തിൽ കെ.എം.എസ്.സി.എൽ സംഭരിച്ച കോവിഡ് പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സർക്കാർ സാധൂകരിച്ച് നൽകിയിട്ടുള്ളതാണ്. |
| (സി) | സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാനായി മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സമർപ്പിച്ച നോട്ട് ഫയലിൽ പി.പി.ഇ. കിറ്റിന്റെ വിലയിൽ വലിയ അന്തരം ഉണ്ടായിട്ടും ഇത് പരിശോധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ? | (സി) | കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന് വിലയിരുത്തി കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ കിറ്റുകൾ വിതരണം ചെയ്യുവാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ടി വിഷയം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് പരിശോധിക്കുകയും ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർതുക നൽകി ഒരേ സമയം വിവിധ വിതരണക്കാരിൽ നിന്ന് സംഭരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പിപി.ഇ കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് കെ.എം.എസ്.സി.എൽ-നെ ചുമതലപ്പെടുത്തുകയും ചെയ്തു. കോവിഡ് രൂക്ഷമായ ഘട്ടത്തിൽ കെ.എം.എസ്.സി.എൽ സംഭരിച്ച കോവിഡ് പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സർക്കാർ സാധൂകരിച്ച് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ